# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2003 ഫെബ്രുവരി 26, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 85 (*349) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ സ്വയംഭരണ സ്ഥാപനങ്ങളാക്കാൻ നടപടി

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. നാലകത്തു സൂപ്പി) നൽകിയ മറുപടിയിൽ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്താൻ ലോകബാങ്ക് സഹായത്തോടെ കേന്ദ്ര സർക്കാർ നടപ്പാക്കാൻ തയ്യാറാക്കിയ പദ്ധതിയിൽ കേരളവും ഉൾപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്വയംഭരണം ഉള്ള സ്ഥാപനങ്ങൾക്കു മാത്രമേ ഈ പദ്ധതിയനുസരിച്ച് സഹായം നൽകുകയുള്ളൂ എന്നതിനാൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് തത്വത്തിൽ സ്വയംഭരണ പദവി നൽകാൻ ഉത്തരവായിട്ടുണ്ട്. ഒരു എക്സലെന്റ് സ്ഥാപനമെന്ന നിലയിലാണ് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ തെരഞ്ഞെടുത്തത്. ഉന്നത വിദ്യാഭ്യാസ വകുപ്പാണ് ഇതിനാവശ്യമായ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ലോകബാങ്ക് പ്രത്യേക വ്യവസ്ഥകളൊന്നും മുന്നോട്ടു വച്ചിട്ടില്ല. കോളേജ് ഓഫ്

എഞ്ചിനീയറിംഗ് (തിരുവനന്തപുരം), എസ്.സി.ടി. കോളേജ് (പാപ്പനംകോട്), എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജ് ( കുറ്റിപ്പുറം), ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള മോഡൽ എഞ്ചിനീയറിംഗ് കോളേജ് (എറണാകുളം), കോളേജ് ഓഫ് എഞ്ചിനീയറിംഗ് (ചെങ്ങന്നൂർ, അടൂർ), എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് (കാസർകോട്), സ്ക്കൂൾ ഓഫ് എഞ്ചിനീയറിംഗ് (കൊച്ചിൻ യൂണിവേഴ്സിറ്റി ) എന്നീ ഐ.എച്ച്.ആർ.ഡി.യുടെ നിയന്ത്രണത്തിലുള്ള മാള, മറ്റക്കര, കല്യാശ്ശേരി, വടകര എന്നീ പോളിടെക്നിക്കുകൾ, ശ്രീരാമ ഗവൺമെന്റ് പോളിടെക്നിക് (തൃപ്രയാർ) എന്നിവയാണ് പ്രാഥമിക പരിശോധനയിൽ സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി ശുപാർശ ചെയ്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ. 2003 ജനുവരി 2–ാം തീയതി കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ. സ്റ്റേറ്റ് പ്രോജക്ട് ഫെസിലിറ്റേഷൻ യൂണിറ്റിന് അപേക്ഷ സമർപ്പിച്ച 16 സ്ഥാപനങ്ങളിൽ സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിശോധനയിൽ യോഗ്യത നേടിയ 8 എഞ്ചിനീയറിംഗ് കോളേജുകളും 5 പോളിടെക്നിക്കുകളും അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം, ലൈബ്രറി, ലബോറട്ടറി എന്നിവയുടെ സൗകര്യങ്ങൾ മുതലായവ കണക്കിലെടുത്താണ് ഈ സ്ഥാപനങ്ങളെ നിർദ്ദേശിച്ചിട്ടുള്ളത്. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളെല്ലാം കണക്കിലെടുത്ത് ബൈലാ ഉണ്ടാക്കിയതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ഇതു സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുകയുള്ളൂ. ഈ പദ്ധതിക്കു പ്രതീക്ഷിക്കുന്ന സാമ്പത്തിക സഹായം 200 കോടി രൂപയാണ്. സംസ്ഥാന ഗവൺമെന്റ് ചെലവഴിക്കുന്ന സംഖ്യയുടെ 80 ശതമാനം റീഇമ്പേഴ്സ് ചെയ്തുകിട്ടും. 5 വർഷത്തിനുശേഷം കേന്ദ്രഗവൺമെന്റിന് ഈ തുക തിരിച്ചടയ്ക്കണമെന്നാണ് വ്യവസ്ഥ. അക്കാഡമിക്–ഇക്കണോമിക് ആട്ടോണോമിയുള്ള സാങ്കേതിക സർവ്വകലാശാല യ്ക്കുള്ള പ്രോജക്ട് റിപ്പോർട്ട് അന്തിമഘട്ടത്തിലാണ്. സാങ്കേതിക വിദ്യാഭ്യാസ ഗുണനിലവാരം

മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയെക്കുറിച്ച് അക്കാഡമിക് വിദഗ്ദ്ധരുമായി ചർച്ച ചെയ്യാൻഗവൺമെന്റ് തയ്യാറാണ്. ഇവിടത്തെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സംഘടനകളുമായും മറ്റു ബന്ധപ്പെട്ടവരുമായും പലവട്ടം ചർച്ച ചെയ്തിട്ടുണ്ട്. സാങ്കേതിക പരിജ്ഞാനമുള്ള ഒരാൾ ചെയർമാനും ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരും അടങ്ങുന്ന നോമിനേറ്റു ചെയ്യപ്പെടുന്ന സ്വയംഭരണാധികാരമുള്ള ഒരു സൊസൈറ്റിയുടെ കീഴിലാണ് ഈ സ്ഥാപനങ്ങൾ വരുന്നത്. ഗവൺമെന്റിന് ഇതിൻമേൽ നിയന്ത്രണമുണ്ടാകും. ഈ സൊസൈറ്റിക്ക് വിദ്യാർത്ഥികളുടെ അഡ്മിഷൻ, ഫീസ്, അദ്ധ്യാപകരുടെ നിയമനം എന്നീ കാര്യങ്ങളിൽ പൂർണ്ണമായ അധികാരം നൽകുന്നതിനുള്ള . നിയമഭേദഗതി കൊണ്ടുവരുന്നതാണ്. കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനു തന്ന കരടു റിപ്പോർട്ടിലെ എൻ.ഐ.റ്റി. പാറ്റേൺ അംഗീകരിച്ചാൽ എസ്.സി./എസ്.റ്റി. വിഭാത്തിനു മാത്രമേ സംവരണം ലഭിക്കുകയുള്ളൂ. നിലവിലുള്ള സംവരണ തത്വം പാലിച്ചുകൊണ്ടുള്ള ഒരു നടപടിക്കേ സംസ്ഥാന ഗവൺമെന്റ് തയ്യാറുള്ളൂ എന്നും അതനുസരിച്ച് മെമ്മോറാണ്ടം ഓഫ് ആർട്ടിക്കിൾസിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. . കേരളത്തിലെ ഉന്നത വിദ്യഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ലോക ബാങ്ക് സഹായത്തോടുകൂടിയുള്ള ഈ പ്രോജക്ടുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചതെന്നും ഇതിന്റെ നാനാവശങ്ങളെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണെന്നും മുഖ്യമന്ത്രി സഭയെ അറിയിച്ചു. ഒരു നെറ്റ് വർക്ക് ഓഫ് ഇൻസ്റ്റിറ്റ്യൂഷനെന്ന നിലയിലാണ് മാള പോളിടെക്നിക്കിനെ ഈ പദ്ധതിയിലുൾപ്പെടുത്തിയത്. അതിന്റെ ഗവേണിംഗ് ബോഡിക്ക് പുതിയ കോഴ്സുകളും മറ്റും ആരംഭിക്കാനുള്ള അധികാരമുണ്ടാകും. തൊഴിൽ വകുപ്പു മന്ത്രിയുമായി ആലോചിച്ച് കുഴൽമന്ദം ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ കരുനാഗപ്പള്ളിയിൽ ഒരു

സാങ്കേതിക സ്ഥാപനം ആരംഭിക്കുന്നതിനുള്ള സ്ഥലമെടുപ്പു സംബന്ധിച്ച് നെഗോഷിയേഷൻ നടത്താൻ ഗവൺമെന്റ് നടപടിയെടുക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

86 (350) <u>വില്ലേജ് അതിർത്തി പുനർ നിർണ്ണയം</u>

റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, കേരളത്തിലെ വില്ലേജ് അതിർത്തി പുനർനിർണ്ണയത്തിൽ പരാതിയോ നിർദ്ദേശങ്ങളോ ലഭിച്ചാൽ പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണെന്ന് സഭയെ അറിയിച്ചു. ഇടുക്കി, എറണാകുളം ജില്ലകളിലായി കിടക്കുന്ന കുമാരമംഗലം പഞ്ചായത്തും എറണാകുളം, തൃശ്ശൂർ ജില്ലകളിലായി കിടക്കുന്ന അതിരപ്പിള്ളി പഞ്ചായത്തും പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പറമ്പിക്കുളം വില്ലേജ് ആഫീസിന്റെ സൗകര്യം മാസത്തിൽ ഒരാഴ്ച ആദിവാസി മേഖലയിൽ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

87 (*351) <u>സംസ്കൃത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</u>

വിദ്യാഭ്യാസ വകുപ്പു മന്ത്രി നൽകിയ മറുപടിയിൽ, 2001–2002–ൽ 2196 സംസ്കൃതവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പു നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2002–2003–ലെ സ്കോളർഷിപ്പിനുള്ള മൽസര പരീക്ഷാ ഫലം ഒരാഴ്ചയ്ക്കുള്ളിൽ പ്രസിദ്ധീകരിക്കുന്നതാണ്. സ്കോളർഷിപ്പ് നൽകുന്നതിനായി 2002–2003–ൽ 66.32 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

88 (*354) ഗൾഫ് മലയാളി ക്ഷേമപദ്ധതികൾ

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഗൾഫ് നാടുകളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തുന്ന മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി , മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ ഒരു സാന്ത്വന സഹായ നിധിയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും ഗൾഫ് മലയാളികളുടെ പങ്കാളിത്തത്തോടെ ''സുവിധ'' എന്ന ക്ഷേമപദ്ധതിയും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ജില്ലകളിൽ ചെറുകിട നിക്ഷേപ സംരംഭങ്ങളും സംസ്ഥാനതലത്തിൽ ഉല്പാദക-വിപണന-സർവീസിംഗ് ശൃംഖലയും ആസൂത്രണം ചെയ്തുവരികയാണെന്ന് അറിയിച്ചു.

89 (*358) ഓപ്പൺ സ്കൂൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് എസ്.സി.ഇ.ആർ.ടി. യുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഓപ്പൺ സ്കൂൾ സ്കീം അനുസരിച്ചുള്ള ഹയർ സെക്കന്റി കോഴ്സും ഹയർ സെക്കന്ററി പ്രൈവറ്റ് രജിസ്ട്രേഷനുമാണുള്ളതെന്ന് അറിയിച്ചു.

90 (*363) പ്രവാസി സ്വാശ്രയ ഇൻഷ്വറൻസ് പദ്ധതി

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന സർക്കാർ പ്രവാസി കേരളീയർക്കും തിരികെ എത്തിയവർക്കും ഇതര സംസ്ഥാനങ്ങളിലുള്ള മലയാളികൾക്കുമായി എൽ.ഐ.സി. മുഖേന നടപ്പാക്കുന്ന സഞ്ചിത പദ്ധതിയാണ് പ്രവാസി സ്വാശ്രയ ഇൻഷ്വറൻസ് പദ്ധതി എന്നും

എൻഡോവ്മെന്റോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ ആനന്ദോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ അക്ഷയ് സത്വര പെൻഷൻ, ലൈഫ് കവറേജ് ഇല്ലാതെയുള്ള ജീവൻ സുരക്ഷ, ടേം റൈഡറോടുകൂടിയ ജീവൻ സുരക്ഷ, ഒറ്റത്തവണ പ്രീമിയം അടച്ചുകൊണ്ടുള്ള ജീവൻ സുരക്ഷ എന്നീ സ്കീമുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും അറിയിച്ചു. നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് എൻ.ആർ.കെ. ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് എന്ന കമ്പനിയാണ് പ്രവാസി സ്വാശ്രയ എന്ന സാമൂഹിക സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കോർപ്പറേറ്റ് ഏജൻസി. എൽ.ഐ.സി. ഓഫ് ഇൻഡ്യ നൽകുന്ന കമ്മിഷൻ സ്വീകരിക്കുന്നതിനും കമ്മിഷന്റെ ഒരു ഭാഗം പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ ക്ഷേമകാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനും റൂട്ട്സിനെ അധികാരപ്പെടുത്തിയിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

108 (2041) <u>ഭൂമി പാട്ടത്തിന് നൽകിയ വകയിൽ ലഭിച്ച തുക</u>

സംസ്ഥാനത്ത് ഭൂമി പാട്ടത്തിനു കൊടുത്ത വകയിൽ2002–2003–ൽ (31–1–2003 വരെ) 1,82,72,36,734 രൂപ പിരിച്ചെടുക്കാനുണ്ട്. 2001–2002–ൽ (31–3–2002) 3,25,98,628 രൂപ പിരിച്ചെടുത്തു.

109 (2052) <u>വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക</u>

സംസ്ഥാനത്ത് 2001–2002–ൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും വരൾച്ചാ ദുരിതാശ്വാസത്തിനായി 276.55 ലക്ഷം രൂപ ചെലവഴിക്കുകയും 2002–2003–ൽ

ഇതുവരെ 1311.54 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു:

| ജില്ല | 2001–2002 | 2002–2003 |
|---|---|---|
| | (രൂപ ലക്ഷത്തിൽ) | |
| തിരുവനന്തപുരം | 37.00 | 63.00 |
| കൊല്ലം | 5.24 | 94.76 |
| പത്തനംതിട്ട | 50.00 | 50.00 |
| ആലപ്പുഴ | -- | 100.00 |
| ഇടുക്കി | 2.39 | 97.61 |
| കോട്ടയം | 50.00 | 70.00 |
| എറണാകുളം | 31.77 | 124.82 |
| തൃശൂർ | -- | 100.00 |
| പാലക്കാട് | 50.00 | 160.00 |
| മലപ്പുറം | 50.00 | 50.00 |
| കോഴിക്കോട് | -- | 100.00 |
| വയനാട് | -- | 100.00 |
| കണ്ണൂർ | -- | 100.00 |
| കാസർകോട് | 0.15 | 101.35 |

110 (2212) ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടി

കേരള സർക്കാരിന്റെ കീഴിലുള്ള 67 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും പബ്ലിക് സർവീസ് കമ്മീഷനിലും മലയാളം ഔദ്യോഗിക ഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജന സമ്പർക്കം കൂടുതലുള്ള പോലീസ്, റവന്യൂ, പഞ്ചായത്ത്, സഹകരണം, ഗ്രാമവികസനം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളിൽ ഭാഷാമാറ്റം പുരോഗമിക്കുന്നു.. അർദ്ധസർക്കാർ, പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട ഹൈക്കോടതിക്കു കീഴിലുള്ള സിവിലും ക്രിമിനലുമായ എല്ലാ

കോടതികളിലും കേസ് വിസ്താരവും വിധിപ്രസ്താവവും മലയാളത്തിൽ നിർവഹിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്.

തമിഴ്, കന്നട എന്നീ ന്യൂനപക്ഷ ഭാഷകൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള പരിരക്ഷ ഉറപ്പാക്കിക്കൊണ്ടും ഇംഗ്ലീഷ് തുടരണമെന്ന് നിയമത്തിൽ അനുശാസിക്കുന്നതായ കാര്യങ്ങൾക്ക് ഇംഗ്ലീഷ് ഉപയോഗിച്ചുകൊണ്ടും സംസ്ഥാനത്തിനകത്തെ ഭരണഭാഷാ മാറ്റം പൂർണ്ണമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്

. . . . . . . . . .